**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2152** **30-09-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം സിറ്റി പോലീസ് കമ്മീഷണർ ഓഫീസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മറൈൻ ഡ്രൈവിൽ പണിയുന്ന എറണാകുളം സിറ്റി പോലീസ് കമ്മീഷണർ ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് അറിയിക്കുമോ; | (എ) | മറൈൻ ഡ്രൈവിൽ നിർമ്മിക്കുന്ന കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളായി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണം 65% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് 2026-27 പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ നിർമ്മാണം ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്; ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ